# പതിനഞ്ചാം കേരള നിയമസഭ

# ആറാം സമ്മേളനം

2022 ഓഗസ്റ്റ് 23, ചൊവ്വ

**നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--30]**

**മറുപടി നൽകുന്ന മന്ത്രിമാർ**

**മുഖ്യമന്ത്രി**

**ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി**

**ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി**

**തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി**

**<u>കേസ്സുകളിലെ സാക്ഷികൾ കൂറുമാറുന്നത് തടയാൻ നടപടി</u>**

*1 **ശ്രീ. എ . പി . അനിൽ കുമാർ**
**ശ്രീമതി.ഉമ തോമസ്**
**ശ്രീ. ടി.സിദ്ദിഖ്**
**ശ്രീമതി കെ.കെ.രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുപ്രധാന കേസ്സുകളിലെ പ്രതികൾ സാക്ഷികളെ സ്വാധീനിച്ചുകൊണ്ട് കേസ്സുകൾ അട്ടിമറിക്കുന്ന സംഭവങ്ങൾ ആവർത്തിക്കപ്പെടുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) അട്ടപ്പാടി മധു വധക്കേസ്സിൽ മിക്ക സാക്ഷികളും കൂറുമാറിയതായ സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) മധുവിനെ മർദിക്കുന്നത് കണ്ടു എന്ന് മജിസ്ട്രേറ്റിന് മുമ്പിൽ മൊഴി നൽകിയവർ പോലും സാക്ഷി വിസ്താരത്തിനിടെ നേരത്തെ നൽകിയ മൊഴി നിഷേധിക്കുന്ന സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സംഭവത്തിന്മേൽ സർക്കാർ എന്ത് നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത കേസ്സിൽ കൂടുതൽ സാക്ഷികൾ കൂറുമാറുന്നത് തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**<u>സിൽവർലൈൻ പദ്ധതി</u>**

*2 **ഡോ. എം.കെ . മുനീർ**
**ശ്രീ . മഞ്ഞളാംകുഴി അലി**
**ശ്രീ . പി . ഉബൈദുള്ള**

**പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിൽവർലൈൻ പദ്ധതിയുടെ ഭാഗമായുള്ള സാമൂഹികാഘാത പഠനത്തിന്റെ സർവേക്കായി കല്ലിടുന്നതിന് പകരം ജിയോടാഗ് ഉപയോഗിക്കുന്നതിന് തീരുമാനിച്ചിരുന്നോ;

(ബി) ജിയോടാഗ് ഉപയോഗിച്ച് സർവെ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ;

(സി) സാമൂഹികാഘാതപഠനം പൂർത്തീകരിക്കാൻ കഴിയാത്ത ഏജൻസികൾക്ക് അവ പൂർത്തിയാക്കാൻ കാലാവധി നീട്ടി നൽകിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ഡി) സിൽവർലൈൻ പദ്ധതിക്ക് കേന്ദ്രാനുമതി ലഭിക്കാത്ത സാഹചര്യത്തിൽ ഇതിനായി സമരങ്ങളിൽ പങ്കെടുത്തവരുടെ പേരിൽ എടുത്ത കേസ്സുകൾ പിൻവലിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## <u>ഐ.ടി. മേഖലയിലെ വികസനം</u>

*3 **ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ. കെ.എം.സച്ചിൻദേവ്**
**ശ്രീ. കെ.കെ. രാമചന്ദ്രൻ**
**ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ.ടി. മേഖലയിൽ മികച്ച അടിസ്ഥാന സൗകര്യം ഏർപ്പെടുത്തിയതിന്റെ ഫലമായി രാജ്യത്തെ രണ്ടാംനിര നഗരങ്ങളിൽ ഏറ്റവുമധികം ഐ.ടി. അധിഷ്ഠിത തൊഴിൽ ലഭ്യമാക്കിയ നഗരങ്ങളിലൊന്നായി തലസ്ഥാനത്തിന് പുരോഗതി കൈവരിക്കാനായിട്ടുണ്ടോ;

(ബി) ഐ.ടി. ഉല്പന്നങ്ങളും സേവനങ്ങളും ഇരട്ടിയാക്കുകയെന്ന ലക്ഷ്യത്തോടെ ഐ.ടി. മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി നടത്തുന്ന പ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കാമോ;

(സി) ദേശീയപാത വികസനത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തി സാറ്റലൈറ്റ് ഐ.ടി. പാർക്കുകൾ സ്ഥാപിക്കാനുള്ള പദ്ധതി പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

## <u>കുട്ടികൾക്കെതിരെയുള്ള സൈബർ അതിക്രമങ്ങൾ തടയുന്നതിനുള്ള ബോധവത്കരണം</u>

*4 **ശ്രീ പി എസ് സുപാൽ**
**ശ്രീമതി സി. കെ. ആശ**
**ശ്രീ വി ശശി**
**ശ്രീ. വാഴൂർ സോമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുട്ടികൾക്കെതിരെയുള്ള ഓൺലൈൻ അതിക്രമങ്ങൾ വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഓൺലൈൻ കുറ്റകൃത്യങ്ങൾക്കെതിരെ കുട്ടികളിൽ അവബോധം സൃഷ്ടിക്കുവാൻ സ്കൂൾ, കോളേജ് തലങ്ങളിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ ഓൺലൈൻ ചൂഷണങ്ങളെ ശക്തമായി നേരിടാൻ കുട്ടികളെയും അദ്ധ്യാപകരെയും രക്ഷിതാക്കളെയും സജ്ജമാക്കുവാൻ സ്കൂൾ, കോളേജ് തലങ്ങളിൽ പരിശീലനം നൽകുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(ഡി) കുട്ടികൾക്കെതിരെയുള്ള ഓൺലൈൻ അതിക്രമങ്ങൾ വർദ്ധിക്കുന്ന സാഹചര്യത്തിൽ ഓൺലൈൻ കുറ്റകൃത്യങ്ങൾക്കെതിരെ കൗൺസിലിംഗ് സെന്ററുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

## ക്രമസമാധാനപാലനം കാര്യക്ഷമമാക്കൽ

*5 **ശ്രീ . കെ .ഡി .പ്രസേനൻ**
**ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ. എച്ച്. സലാം**
**ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്രമസമാധാനപാലനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പോലീസ് സേനയുടെ ആധുനികീകരണത്തിനും വേണ്ടി നടത്തുന്ന പ്രവർത്തനങ്ങൾ വ്യക്തമാക്കാമോ;

(ബി) ഇതര സംസ്ഥാന തൊഴിലാളികൾ ഉൾപ്പെടുന്ന കുറ്റകൃത്യങ്ങൾ ജനങ്ങളിൽ ആശങ്ക സൃഷ്ടിക്കുന്ന സാഹചര്യത്തിൽ അവരുടെ വിവരശേഖരണത്തിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കുമോ;

(സി) ഇതര സംസ്ഥാന തൊഴിലാളികളെ തൊഴിലിന് ഏർപ്പാടാക്കുന്ന ഏജൻസികളും വ്യക്തികളും തൊഴിലുടമകളും അവരുടെ ഐഡന്റിറ്റി ഉറപ്പാക്കി അവർ തൊഴിലെടുക്കുന്ന ജില്ലകളിൽ അവരുടെ പേരുവിവരങ്ങൾ രജിസ്റ്റർ ചെയ്യണമെന്ന് വ്യവസ്ഥ ചെയ്യുന്ന കാര്യം പരിഗണിക്കുമോ?

## സർക്കാർ ആശുപത്രികളിലെ മരുന്നുക്ഷാമം പരിഹരിക്കുന്നതിന് നടപടി

*6 **ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ .പി. കെ. ബഷീർ**
**ശ്രീ . ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ മരുന്നുക്ഷാമം രൂക്ഷമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിശോധിച്ചിട്ടുണ്ടോ;

(ബി) സർക്കാർ ആശുപത്രികൾക്ക് വേണ്ട മരുന്നുകൾ വാങ്ങി വിതരണം ചെയ്യുന്നതിൽ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് വീഴ്ച ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) മരുന്നുക്ഷാമം പരിഹരിക്കുന്നതിനായി ആശുപത്രി മേധാവികൾ മറ്റ് ഫണ്ടുകൾ കണ്ടെത്തി മരുന്ന് വാങ്ങണമെന്ന് നിർദേശം നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിർദേശം എപ്രകാരം നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) പനിയും മറ്റ് രോഗങ്ങളും വ്യാപകമായി വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ മരുന്നുക്ഷാമം പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

## ഓണത്തിന് സൗജന്യ ഭക്ഷ്യക്കിറ്റ്

*7 **ശ്രീ എം നൗഷാദ്**
**ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ വി കെ പ്രശാന്ത്**
**ശ്രീ. എൻ.കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് ഭക്ഷ്യധാന്യങ്ങൾ ഉൾപ്പെടെയുള്ളവയുടെ വിലക്കയറ്റം ഏഴര ശതമാനത്തിന് മേൽ ഉയർന്നുനിൽക്കുന്ന സാഹചര്യത്തിൽ വിലക്കയറ്റത്തിന്റെ ആഘാതം സാധാരണക്കാരിലേക്ക് എത്താതിരിക്കാൻ സംസ്ഥാന സർക്കാർ നടത്തുന്ന ഇടപെടലുകൾ വിശദമാക്കാമോ;

(ബി) ഉത്സവകാലത്തുണ്ടാകുന്ന അമിത വിലക്കയറ്റം നിയന്ത്രിക്കുന്നതിന് ഓണത്തിന് സൗജന്യ ഭക്ഷ്യക്കിറ്റ് നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി എത്ര തുകയാണ് ചെലവഴിക്കുന്നതെന്ന് അറിയിക്കാമോ;

(സി) ഭക്ഷ്യധാന്യക്കമ്മി നേരിടുന്ന സംസ്ഥാനത്ത് ടൈഡ് ഓവർ ഗോതമ്പ് വിഹിതം പുനഃസ്ഥാപിച്ച് ഭക്ഷ്യവില നിയന്ത്രണം സാധ്യമാക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ ഇതുസംബന്ധിച്ച് മറുപടി ലഭ്യമായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

## സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയാൻ നടപടി

*8 **ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ വി ജോയി**
**ശ്രീമതി യു പ്രതിഭ**
**ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീധനവുമായി ബന്ധപ്പെട്ടും പൊതു ഇടങ്ങളിലും സൈബർ ഇടങ്ങളിലും സ്ത്രീകൾക്ക് നേരെ ഉണ്ടാകുന്ന ആക്രമണങ്ങൾ തടയുന്നതിനായി രൂപീകരിച്ച പിങ്ക് പ്രൊട്ടക്ഷൻ സംവിധാനത്തെക്കുറിച്ച് വിശദമാക്കാമോ; ഇവ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ എന്ന് അറിയിക്കാമോ;

(ബി) അതിക്രമങ്ങൾക്കിരയാകുന്ന സ്ത്രീകളെയും കുട്ടികളെയും സംരക്ഷിക്കുന്നതിനും അവർക്ക് നിയമ സഹായമടക്കമുള്ള സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും വിക്ടിം ലെയ്സൺ ഓഫീസർമാരെ നിയമിക്കാൻ തീരുമാനമായിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) സ്ത്രീകൾ നേരിടുന്ന വിവേചനവും അതിക്രമവും തടയാൻ ജനമൈത്രി പോലീസ്

സംവിധാനം കാര്യക്ഷമമാക്കിക്കൊണ്ടും കുടുംബശ്രീയുടെ പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ടും പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

**ഗുണ്ട, മയക്കുമരുന്ന് സംഘങ്ങളെ അമർച്ച ചെയ്യാൻ നടപടി**

*9 **ശ്രീ കെ ആൻസലൻ**
**ശ്രീ സി എച്ച് കുഞ്ഞമ്പു**
**ശ്രീ. പി. ടി. എ. റഹീം**
**ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുണ്ട, മയക്കുമരുന്ന് സംഘങ്ങളെ അമർച്ച ചെയ്യാൻ സംസ്ഥാന, ജില്ലാതലങ്ങളിൽ ഓർഗനൈസ്ഡ് ക്രൈം സ്ക്വാഡുകൾ രൂപീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഗുണ്ടാ നിയമം നടപ്പിലാക്കുന്നത് കാര്യക്ഷമമാക്കിയിട്ടുണ്ടോ;

(ബി) വർഗീയ, തീവ്രവാദ സംഘടനകളുടെ ആയുധ പരിശീലനവും സാമൂഹ്യ മാധ്യമങ്ങളിലൂടെയുള്ള വിദ്വേഷ പ്രചാരണവും തടയാൻ നടപടി എടുത്തിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഡാർക്ക് വെബിലൂടെ ലഹരിക്കടത്ത് വ്യാപകമാണെന്ന് കരുതപ്പെടുന്ന സാഹചര്യത്തിൽ അത് ഫലപ്രദമായി തടയുന്നതിന് കേരള പോലീസ് സ്വന്തമായി സോഫ്റ്റ്‌വെയർ വികസിപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

**കാലാവസ്ഥ വ്യതിയാനം ഉയർത്തുന്ന വെല്ലുവിളികൾ നേരിടാൻ പദ്ധതി**

*10 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ**
**ഡോ. എൻ. ജയരാജ്**
**ശ്രീ പ്രമോദ് നാരായൺ**
**ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥയിൽ ഉണ്ടായിട്ടുള്ള വലിയ വ്യതിയാനം സംസ്ഥാനത്തിന്റെ സാമൂഹിക സാമ്പത്തിക വികസനത്തിനും സുസ്ഥിരതയ്ക്കും വെല്ലുവിളി ഉയർത്തുന്നതായി വിശകലനം ചെയ്തിട്ടുണ്ടോ; ഇത് സംബന്ധിച്ച പഠന റിപ്പോർട്ടുകൾ ലഭ്യമാണോ;

(ബി) കാലാവസ്ഥ വ്യതിയാനം നേരിട്ട് ബാധിക്കുന്ന മേഖലകൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(സി) കാലാവസ്ഥ വ്യതിയാനവുമായി ബന്ധപ്പെട്ട് തദ്ദേശ സ്ഥാപനങ്ങളുടെ തലത്തിൽ അനുയോജ്യമായ പദ്ധതികൾ തയ്യാറാക്കി ലോക്കൽ ആക്ഷൻ പ്ലാൻ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ഡി) കാലാവസ്ഥ വ്യതിയാന സംബന്ധിയായ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിന് പരിസ്ഥിതി- കാലാവസ്ഥ വ്യതിയാന വകുപ്പ് രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

**ഓണത്തിനുള്ള ഭക്ഷ്യക്കിറ്റ് വിതരണം**

*11 **ശ്രീ. വി. ആർ. സുനിൽകുമാർ**

**ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓണത്തോടനുബന്ധിച്ച് വിതരണം ചെയ്യുന്ന ഭക്ഷ്യക്കിറ്റുകൾ തയ്യാറാക്കുന്നതിന്റെ പുരോഗതി വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾക്കും കൃഷിക്കാർക്കും പ്രയോജനം ലഭിക്കുന്ന തരത്തിലാണോ ഭക്ഷ്യക്കിറ്റിലെ ഇനങ്ങൾ തീരുമാനിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(സി) അഗതിമന്ദിരങ്ങളും അനാഥാലയങ്ങളും ഉൾപ്പെടെ സർക്കാർ അംഗീകാരമുള്ള സ്ഥാപനങ്ങളിലേക്ക് ഭക്ഷ്യക്കിറ്റുകൾ എത്തിച്ചുകൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) കിറ്റുകളുടെ വിതരണം എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഇ) ഭക്ഷ്യക്കിറ്റ് വിതരണത്തിനായി പ്രതീക്ഷിക്കുന്ന ചെലവ് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

**<u>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അഴിമതി തടയുന്നതിന് നടപടി</u>**

*12 **ശ്രീ. അബ്ദുൽ ഹമീദ് പി**
**ശ്രീ. യു.എ.ലത്തീഫ്**
**ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ . ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെട്ടിട നിർമാണാനുമതിയുമായി ബന്ധപ്പെട്ട് കോർപ്പറേഷനുകളിലും മുൻസിപ്പാലിറ്റികളിലും വ്യാപകമായി അഴിമതിയും ക്രമക്കേടുകളും നടക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) അനധികൃത കെട്ടിടങ്ങൾക്കും പണിപൂർത്തിയാകാത്ത കെട്ടിടങ്ങൾക്കും കെട്ടിട നമ്പറുകൾ അനുവദിച്ചതായി കണ്ടെത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(സി) സ്ഥലപരിശോധന നടത്താതെ കെട്ടിട നിർമാണത്തിന് അനുമതി നൽകിയ സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ;

(ഡി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അഴിമതിയും ക്രമക്കേടുകളും തടയുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

**<u>കെ-ഫോൺ പദ്ധതി</u>**

*13 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ സജി ചെറിയാൻ**
**ശ്രീ. പി. നന്ദകുമാർ**
**ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാർവത്രികമായി ഇന്റർനെറ്റ് ലഭ്യത ഉറപ്പാക്കാനുള്ള പദ്ധതിയായ കെ-ഫോൺ പദ്ധതിയുടെ പുരോഗതി വിശദീകരിക്കാമോ;

(ബി) കോർപ്പറേറ്റ് താല്പര്യ സംരക്ഷകരുടെ എതിർപ്പിനെ മറികടന്ന് രാജ്യത്ത് ഇന്റർനെറ്റ് സർവീസ് പ്രൊവൈഡർ ലൈസൻസ് നേടിയെടുത്ത ഏക സംസ്ഥാനമായി മാറാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ടോ;

(സി) ഇരുപത് ലക്ഷത്തോളം ബി.പി.എൽ. കുടുംബങ്ങൾക്കും സംസ്ഥാനത്തെ മുഴുവൻ സർക്കാർ സ്ഥാപനങ്ങൾക്കും സൗജന്യമായും മറ്റുള്ളവർക്ക് മിതമായ നിരക്കിലും ഇന്റർനെറ്റ് സേവനം നൽകാൻ ഉദ്ദേശിച്ചുകൊണ്ടുള്ള പ്രസ്തുത പദ്ധതിക്ക് മുടക്കിയ തുകയെത്രയെന്ന് അറിയിക്കാമോ?

**<u>ട്രോമ കെയർ പദ്ധതി</u>**

*14 **ശ്രീ. പി. ടി. എ. റഹീം**
**ശ്രീ. മുരളി പെരുനെല്ലി**
**ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡപകടങ്ങളിൽ പരിക്കേൽക്കുന്നവർക്ക് ആദ്യത്തെ 48 മണിക്കൂറിൽ സൗജന്യ ചികിത്സ ലഭ്യമാക്കുന്ന ട്രോമ കെയർ പദ്ധതിയുടെ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ;

(ബി) വ്യത്യസ്ത ആരോഗ്യ ഇൻഷ്വറൻസ് സ്കീമുകളെ ഏകോപിപ്പിച്ച് സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വഴി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(സി) 18 വയസ്സുവരെയുള്ള കുട്ടികൾക്ക് എല്ലാ രോഗങ്ങൾക്കും സൗജന്യ ചികിത്സ നൽകുന്ന ആരോഗ്യകിരണം പദ്ധതി എസ്.എച്ച്.എ. മുഖാന്തിരം നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ഡി) എസ്.എച്ച്.എ. വഴി നടപ്പിലാക്കിവരുന്ന സൗജന്യ ചികിത്സാ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

**<u>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഓൺലൈൻ സേവനങ്ങൾ</u>**

*15 **ശ്രീ. എം.വിജിൻ**
**ശ്രീ ഡി കെ മുരളി**
**ശ്രീ. കെ. ജെ. മാക്സി**
**ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സേവനങ്ങൾ കാര്യക്ഷമമായും അഴിമതിരഹിതമായും ജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സേവനങ്ങൾ ഓൺലൈൻ ആയി നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ടോ;

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സേവനങ്ങൾ ഈ വർഷം തന്നെ മൊബൈൽ ആപ്ലിക്കേഷനിലൂടെ നൽകാൻ പദ്ധതിയുണ്ടോ;

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പൂർണ്ണമായും കടലാസ് രഹിതമാക്കുയെന്ന

ലക്ഷ്യത്തോടെ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; ഒറ്റപ്പെട്ടതെങ്കിലും കണ്ടെത്തിയ ചില ക്രമക്കേടുകളുടെ അടിസ്ഥാനത്തിൽ ഇന്റഗ്രേറ്റഡ് ലോക്കൽ സെൽഫ്-ഗവേർണൻസ് മാനേജ്മെന്റ് സിസ്റ്റത്തിലെ പോരായ്മ പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

**<u>മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി</u>**

*16 **ശ്രീ എം രാജഗോപാലൻ**
**ശ്രീ എ. സി. മൊയ്തീൻ**
**ശ്രീമതി ഒ എസ് അംബിക**
**ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കാര്യക്ഷമമായി നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) കേന്ദ്ര സർക്കാർ തൊഴിലുറപ്പ് പദ്ധതിക്ക് ബജറ്റിൽ വകയിരുത്തൽ കുറച്ചതിന് പുറമെ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിൽ അശാസ്ത്രീയ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയത് പദ്ധതിയെ ദുർബലപ്പെടുത്തുമെന്നതിനാൽ പ്രസ്തുത നടപടി തിരുത്താൻ ആവശ്യപ്പെടുമോ;

(സി) സംസ്ഥാനത്ത് കഴിഞ്ഞ വർഷങ്ങളിൽ 10 കോടിയിലധികം തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിടത്ത് ഈ വർഷം സംസ്ഥാനം ആവശ്യപ്പെട്ടതിന്റെ 57 ശതമാനം മാത്രം അനുവദിച്ചത് പദ്ധതിയുടെ പ്രധാന ഗുണഭോക്താക്കളായ വനിതകളെയും ദുർബല ജനവിഭാഗങ്ങളെയും പ്രതികൂലമായി ബാധിക്കുമെന്നത് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ എന്ന് അറിയിക്കാമോ?

**<u>എൻഡോസൾഫാൻ ബാധിതർക്ക് സഹായം</u>**

*17 **ശ്രീ . എൻ . ഷംസുദ്ദീൻ**
**ശ്രീ എൻ എ നെല്ലിക്കുന്ന്**
**ശ്രീ എ കെ എം അഷ്റഫ്**
**ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് തെങ്കരയിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ കശുമാവിൻ തോട്ടത്തിൽ എൻഡോസൾഫാൻ വ്യാപകമായി ഉപയോഗിച്ച പ്രദേശങ്ങളിലെ ആളുകൾക്ക് ജനിതക വൈകല്യങ്ങളും മറ്റ് ഗുരുതര രോഗങ്ങളും ബാധിച്ചതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച് ആരോഗ്യ വകുപ്പിന്റെ ആരോഗ്യ പരിശോധന റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) ഈ പ്രദേശങ്ങളിലെ രോഗികൾക്ക് വിദഗ്ധ ചികിത്സയും മറ്റ് സഹായങ്ങളും ഉറപ്പാക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

## പോഷക ബാല്യം പദ്ധതി

*18 **ശ്രീമതി യു പ്രതിഭ**
**ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീമതി കാനത്തിൽ ജമീല**
**ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിശപ്പുരഹിത ബാല്യം എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന പോഷക ബാല്യം പദ്ധതി സംബന്ധിച്ച വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പദ്ധതിക്കെതിരെ വന്ന മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിരുന്നോ; എങ്കിൽ ഇതുസംബന്ധിച്ച യഥാർത്ഥ വസ്തുത വെളിപ്പെടുത്താമോ;

(സി) പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളായ കുട്ടികൾക്ക് ആഴ്ചയിൽ എല്ലാ ദിവസവും പാലും മുട്ടയും നൽകുന്നതിന് സാധ്യമാകുമോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## തെരുവുനായ്ക്കളുടെ ശല്യം നേരിടുന്നതിന് നടപടി

*19 **ശ്രീ . മഞ്ഞളാംകുഴി അലി**
**ശ്രീ .പി. കെ. ബഷീർ**
**ശ്രീ . എൻ . ഷംസുദ്ദീൻ**
**ഡോ. എം.കെ . മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തെരുവുനായ്ക്കളുടെ ശല്യം നേരിടുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നടത്തി വന്നിരുന്ന തെരുവുനായ്ക്കളെ വന്ധ്യംകരിക്കുന്ന പദ്ധതി നിർത്തലാക്കിയിട്ടുണ്ടോ;

(ബി) ഈ പദ്ധതിയിൽ നിന്നും കുടുംബശ്രീ ഉൾപ്പെടെയുള്ള ഏജൻസികളെ ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിന് പകരം പുതുതായി എന്ത് സംവിധാനമാണ് ഏർപ്പെടുത്താനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) അക്രമകാരികളായ തെരുവുനായ്ക്കളുടെ ശല്യം വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ ഇവയെ വന്ധ്യംകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

## ജലബജറ്റും ജലസുരക്ഷാ പ്ലാനുകളും തയ്യാറാക്കുന്ന പദ്ധതി

*20 **ശ്രീമതി ദെലീമ**
**ശ്രീ ഐ ബി സതീഷ്**
**ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ**
**ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജലബജറ്റും ജലസുരക്ഷാ പ്ലാനുകളും തയാറാക്കുന്ന പദ്ധതി പരിഗണനയിലുണ്ടോ; ഇതിലൂടെ എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നത്; വിശദാംശം നൽകാമോ;

(ബി) പുനരുജ്ജീവിപ്പിച്ച ജലസ്രോതസ്സുകളുടെ പരിപാലനത്തിനും മഴക്കാലത്ത് ലഭിക്കുന്ന അധികജലം സംഭരിക്കുന്നതിനും സംരക്ഷിക്കുന്നതിനും ജലശുദ്ധി, ജല ഗുണനിലവാരം എന്നിവ ഉറപ്പുവരുത്തുന്നതിനും പ്രത്യേകമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇതിലൂടെ പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) ഡിജിറ്റൽ സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി ജലവിഭവ പ്ലാനിംഗും മോണിറ്ററിംഗും നടത്തുന്നതിനായി പദ്ധതി രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ?

**<u>സംസ്ഥാനത്ത് കൂടുതൽ നഴ്സിങ് കോളേജുകൾ അനുവദിക്കുന്നതിന് നടപടി</u>**

*21 **ശ്രീ പ്രമോദ് നാരായൺ**
**ഡോ. എൻ. ജയരാജ്**
**ശ്രീ. ജോബ് മൈക്കിൾ**
**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര സർക്കാർ നഴ്സിങ് കോളേജുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തും വിദേശത്തും വർദ്ധിച്ചുവരുന്ന നഴ്സിങ് ജോലിസാധ്യത കണക്കിലെടുത്ത് കുട്ടികൾക്ക് സംസ്ഥാനത്ത് തന്നെ പഠന സൗകര്യം ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) സർക്കാർ, അർദ്ധസർക്കാർ, സ്വകാര്യ സെൽഫ് ഫിനാൻസിംഗ് മേഖലകളിൽ കൂടുതൽ നഴ്സിങ് കോളേജുകൾ അനുവദിച്ച് സംസ്ഥാനത്തിന് വെളിയിലേക്ക് പഠനാവശ്യത്തിനായി കുട്ടികൾ പോകുന്നത് തടയുന്നതിന് പ്രത്യേക കർമ പദ്ധതിക്ക് രൂപം നൽകുമോ?

**<u>മരുന്ന് സംഭരണത്തിനുള്ള നടപടി</u>**

*22 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ പി സി വിഷ്ണുനാഥ്**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ . ഐ .സി .ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ആശുപത്രികളിൽ മരുന്ന് ക്ഷാമം രൂക്ഷമായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ;

(ബി) മരുന്ന് ക്ഷാമം സർക്കാർ ആശുപത്രികളുടെ പ്രവർത്തനത്തെ സാരമായി ബാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) മരുന്ന് സംഭരണത്തിന്റെ ചുമതലയുള്ള കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന്റെ ടെൻഡർ നടപടികൾ മൂന്ന് മാസത്തോളം വൈകിയതിനെ തുടർന്നാണ് മരുന്ന് സംഭരണത്തിൽ പ്രശ്നങ്ങൾ ഉണ്ടായത് എന്നത് വസ്തുതയാണോ;

(ഡി) കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ഏത് തീയതിയിലാണ് മരുന്ന് ലഭ്യമാക്കാനുള്ള ടെൻഡറുകൾ വിളിച്ചത് എന്നതിന്റെ വിശദാംശങ്ങൾ നൽകാമോ?

**<u>ആദിവാസി മേഖലകളിൽ സഞ്ചരിക്കുന്ന റേഷൻ കട പദ്ധതി</u>**

*23 **ശ്രീ. സി.സി. മുകുന്ദൻ**
**ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആദിവാസി മേഖലകൾ, ലേബർ സെറ്റിൽമെന്റുകൾ എന്നിവിടങ്ങളിൽ സഞ്ചരിക്കുന്ന റേഷൻ കട പദ്ധതി മുഖേന റേഷൻ എത്തിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) ആദിവാസി, ഗോത്രവർഗ മേഖലകളിൽ ഭക്ഷ്യഭദ്രത സംബന്ധിച്ച് അവബോധം സൃഷ്ടിക്കുന്നതിന് ഭക്ഷ്യ കമ്മീഷൻ വഴി കാര്യക്ഷമമായ ഇടപെടൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഗോത്രവർഗ മേഖലകളിൽ ഉൾപ്പെടെ പൊതു വിതരണ ശൃംഖലയിലെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ്, തിരിമറി എന്നിവ തടയുന്നതിന് ശക്തമായ പരിശോധനാ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) വന മേഖലയിലെ അപകട സാഹചര്യത്തിലും പ്രതികൂല കാലാവസ്ഥയിലും ആദിവാസി ഊരുകളിൽ ജീവനക്കാർ നേരിട്ടെത്തി കാര്യക്ഷമതയോടെ റേഷൻ വിതരണം നടത്തി വരുന്നുണ്ടോ; വിശദമാക്കാമോ;

(ഇ) ഓണത്തോടനുബന്ധിച്ച് വിതരണം ചെയ്യുന്ന ഭക്ഷ്യക്കിറ്റുകൾ സംസ്ഥാനത്തെ ആദിവാസി മേഖലകൾ, ലേബർ സെറ്റിൽമെന്റുകൾ എന്നിവിടങ്ങളിൽ എത്തിച്ചുകൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

**<u>ആരോഗ്യ രംഗത്ത് കേരളം കൈവരിച്ച നേട്ടങ്ങൾ</u>**

*24 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ. കെ.പി.മോഹനൻ**
**ശ്രീ കെ ബി ഗണേഷ് കുമാർ**
**ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് മഹാമാരി സൃഷ്ടിച്ച പ്രതിസന്ധികളെ നേരിട്ട് ആരോഗ്യ രംഗത്ത് കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ പി.എച്ച്.സി.കളിലെയും സി.എച്ച്.സി.കളിലെയും സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ;

(സി) പൊതുജനാരോഗ്യ കേന്ദ്രങ്ങൾ വൃത്തിയുള്ളതാക്കുന്നതിനും പൊതുജനങ്ങളെ കൂടുതൽ ആകർഷിക്കുന്നതിനുമായി ത്രിതല പഞ്ചായത്തുകളുടെ സഹകരണത്തോടെ പ്രത്യേക പദ്ധതി നടപ്പിലാക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## സാമ്പത്തിക കുറ്റാന്വേഷണത്തിനായി പ്രത്യേക വിഭാഗം

*25 **ശ്രീ. പി. നന്ദകുമാർ**
**ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ. പി.വി.അൻവർ**
**ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമ്പത്തിക കുറ്റാന്വേഷണത്തിന്റെ ഭാഗമായി പ്രത്യേക വിഭാഗം ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിൽ പ്രത്യേക വിഭാഗം ആരംഭിക്കുന്നതിലൂടെ എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നതെന്ന് വെളിപ്പെടുത്താമോ;

(ബി) ഈ വിഭാഗങ്ങളുടെ പ്രവർത്തന രീതി വിശദമാക്കാമോ; ഏതൊക്കെ തരം കുറ്റകൃത്യങ്ങളാണ് ഇതിന്റെ അന്വേഷണ പരിധിയിൽ വരുന്നത്;

(സി) സംഘടിത കുറ്റകൃത്യങ്ങൾ തടയാൻ ഓർഗനൈസ്ഡ് ക്രൈം സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ടോ; ഇതിലൂടെ എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നത്; വിശദമാക്കാമോ?

## അതിദാരിദ്ര്യ നിർമാർജനത്തിനായി മൈക്രോപ്ലാൻ

*26 **ശ്രീ വി കെ പ്രശാന്ത്**
**ശ്രീ ഡി കെ മുരളി**
**ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അതിദാരിദ്ര്യം നിർമാർജനം ചെയ്യുന്നതിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ തലത്തിൽ പ്രത്യേക മൈക്രോപ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; ഇതിനുള്ള മാർഗരേഖ പ്രസിദ്ധീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) പദ്ധതി നിർവഹണത്തിന്റെ വിവിധ ഘടകങ്ങൾ വിശദമാക്കാമോ; ഭക്ഷണം, ചികിത്സ, വാസസ്ഥലം എന്നിവ ലഭ്യമാക്കുന്നതിന് പ്രത്യേകമായ മാർഗനിർദ്ദേശങ്ങൾക്ക് രൂപം നൽകിയിട്ടുണ്ടോ;

(സി) പദ്ധതി നടത്തിപ്പിന്റെ ഭാഗമായി പരിശീലന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

## കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി

*27 **ശ്രീ ഐ ബി സതീഷ്**
**ശ്രീ എം മുകേഷ്**
**ശ്രീ. എ. പ്രഭാകരൻ**
**ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മരുന്നു വിലവർദ്ധനയുടെ ഫലമായും മറ്റ് ചികിത്സാ ചെലവുകൾ വർദ്ധിച്ചുവരുന്ന

സാഹചര്യത്തിലും പണമില്ലാത്തതിന്റെ പേരിൽ ചികിത്സാ സൗകര്യങ്ങൾ നിഷേധിക്കപ്പെടില്ലെന്ന് ഉറപ്പ് വരുത്താൻ ആവിഷ്കരിച്ചിട്ടുള്ള കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി വിപുലീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിപുലീകൃത പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) എത്ര കുടുംബങ്ങൾ സൗജന്യ ചികിത്സാ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) കഴിഞ്ഞ സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിയിൽ ചെലവഴിച്ച തുക എത്രയെന്നും ഇതിൽ കേന്ദ്ര, സംസ്ഥാന വിഹിതം എത്ര വീതമായിരുന്നു എന്നും അറിയിക്കാമോ;

(ഡി) സർക്കാർ ആശുപത്രികൾ രോഗീസൗഹൃദമാക്കുന്നതിനും ചികിത്സാ സൗകര്യങ്ങൾ വിപുലീകരിക്കുന്നതിനും നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

**കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന്റെ മരുന്ന് വിതരണം**

*28 **ശ്രീ . സണ്ണി ജോസഫ്**
**ശ്രീ സി ആർ മഹേഷ്**
**ശ്രീ. റോജി എം. ജോൺ**
**ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലേക്ക് ആവശ്യമായ മരുന്നുകളുടെ പട്ടിക കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് സമർപ്പിച്ചത് എന്നാണെന്ന് വ്യക്തമാക്കാമോ;

(ബി) കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ സാധാരണയായി മാർച്ച് മാസത്തിൽ ടെൻഡർ നടപടികൾ പൂർത്തിയാക്കി ഏപ്രിലിൽ മരുന്ന് വിതരണം ആരംഭിക്കാറുള്ളതാണോ എന്ന് വ്യക്തമാക്കാമോ;

(സി) ജൂലൈ മാസത്തിലാണോ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് ടെൻഡർ നടപടികൾ പൂർത്തിയാക്കാൻ സാധിച്ചതെന്ന് വ്യക്തമാക്കാമോ; എങ്കിൽ ഇതിന്റെ കാരണം വിശദമാക്കാമോ?

**അളവുതൂക്കങ്ങളിലെ കൃത്രിമം തടയാനുള്ള നടപടി**

*29 **ശ്രീ .പി. കെ. ബഷീർ**
**ഡോ. എം.കെ . മുനീർ**
**ശ്രീ . എൻ . ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അളവുതൂക്കങ്ങളിൽ കൃത്രിമം കാട്ടി ഉപഭോക്താക്കളെ ചൂഷണം ചെയ്യുന്ന സംഭവങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വർഷംതോറും ത്രാസുകൾ ലീഗൽ മെട്രോളജി വകുപ്പിന്റെ ഓഫീസിൽ എത്തിച്ച് പരിശോധിപ്പിക്കണമെന്ന വ്യവസ്ഥ പാലിക്കപ്പെടുന്നുണ്ടോ;

(സി) ഗ്യാസ് സിലിണ്ടറുകൾക്ക് നിശ്ചിത തൂക്കമില്ലായെന്നത് സംബന്ധിച്ച പരാതികൾ പരിശോധിച്ചിട്ടുണ്ടോ;കൊള്ളയടിക്കുന്ന;

(ഡി) അളവുതൂക്ക വെട്ടിപ്പ് കണ്ടെത്തുന്നതിനായി ലീഗൽ മെട്രോളജി വകുപ്പ് മിന്നൽ പരിശോധനകൾ നടത്താറുണ്ടോ എന്ന് വ്യക്തമാക്കുമോ?

## അതിദാരിദ്ര്യം നിർമാർജനം ചെയ്യുന്നതിനുള്ള പദ്ധതി

*30 **ശ്രീ എം എസ് അരുൺ കുമാർ**
**ഡോ.കെ.ടി.ജലീൽ**
**ശ്രീ ഒ . ആർ. കേളു**
**ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അതിദരിദ്രരെ കണ്ടെത്തി അവർക്കായി ഹ്രസ്വകാല, ദീർഘകാല പദ്ധതികൾ ആവിഷ്കരിച്ച് അതിദാരിദ്ര്യം നിർമാർജനം ചെയ്യുകയെന്ന ലക്ഷ്യത്തോടെ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) അതിദരിദ്രർക്കായി കുടുംബാധിഷ്ഠിത മൈക്രോപ്ലാൻ തയ്യാറാക്കുന്ന പ്രവൃത്തി പൂർത്തിയായിട്ടുണ്ടോ;

(സി) രാജ്യത്ത് ആദ്യമായി അതിദാരിദ്ര്യം തുടച്ച് നീക്കുകയെന്ന ലക്ഷ്യം നിറവേറ്റുന്നതിന്റെ ആദ്യഘട്ടമായി ഇത്തരത്തിൽപ്പെട്ടവരെ കൃത്യമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ കണ്ടെത്തി ലിസ്റ്റിൽ ഉൾപ്പെടുത്തുന്ന പ്രക്രിയ പൂർത്തിയായിട്ടുണ്ടോ; ഇത്തരം കുടുംബങ്ങളുടെ എണ്ണം ജില്ല തിരിച്ച് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,

അംഗീകരിച്ച തീയതി: 2022 ഓഗസ്റ്റ് 14, ഞായർ
എ എം ബഷീർ ,
സെക്രട്ടറി

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].